*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 31B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

## സ്വാമിയുമൊത്തുള്ള തമാശയുടെ നിമിഷങ്ങൾ

സ്വാമിയുമൊത്തുള്ള വളരെ രസകരമായ രണ്ട് അനുഭവങ്ങൾ ഞാൻ നിങ്ങളുമായി പങ്കു



വയ്ക്കുന്നതിന് ആഗ്രഹിക്കുകയാണ്. നിങ്ങളോട് വളരെ സത്യസന്ധമായി പറയുകയാണെങ്കിൽ, സ്വാമിക്ക് എന്നെ നീണ്ട 25 കൊല്ലങ്ങൾ സഹിക്കേണ്ടിവന്നു, എന്നെ അവിടുന്നിനോട് ഏറെ ചേർത്തുനിർത്തി, അവിടുത്തെ പ്രഭാഷണങ്ങൾ പരിഭാഷ ചെയ്യാൻ എന്നോടാവശ്യപ്പെട്ടു. അവിടുന്ന് ആൺകുട്ടികളോട് എപ്പോഴൊക്കെ പരിഭവിച്ചുവോ, പ്രത്യേകിച്ച് അവിടുന്ന് ആഗ്രഹിക്കുന്നതുപോലെ അവർ പെരുമാറാത്തപ്പോൾ, അവിടുന്ന് അവരെ കുറച്ചുനേരത്തേക്ക് ഒഴിവാക്കും. കൂടുതലാളുകളും ഇതിന് 'ചികിത്സ' എന്നാണ് പറയാറ്. ചികിത്സ! പക്ഷേ, അത്രമാത്രം സ്നേഹിക്കുന്ന ഈ കുട്ടികളിൽനിന്ന് അധികനേരം അകന്നിരിക്കുന്നതിന് ഈശ്വരന് കഴിയില്ല. എങ്ങനെയെങ്കിലും അത് പറഞ്ഞൊതുക്കപ്പെടും, സാധാരണനില തിരികെവരും.

എന്നാൽ, അവിടുന്ന് പിണങ്ങിയിരിക്കുമ്പോൾ സംഭവിക്കുന്നത് എന്തെന്നാൽ, അവിടുന്ന് ഒന്നും ഉരിയാടാതെ, ആൺകുട്ടികളോട് ഒന്നും സംസാരിക്കാതെ, ഇന്റർവ്യൂ മുറിയിലേക്ക് പോകും, പിന്നെ അവിടെനിന്നിറങ്ങി വേദിയിൽ വന്ന് ഇരിക്കും. അത്ര മാത്രം! ദർശനവേളയിൽ അവിടുന്ന് സ്ത്രീകളുടെ ഭാഗത്തുകൂടി ആദ്യമേ നടക്കും, പിന്നീട് പുരുഷന്മാരുടെ വശത്ത്, എന്നിട്ട് വയോജനങ്ങൾ, വീൽ ചെയറിലുള്ള ആളുകൾ, പിന്നെ കാത്തിരിക്കുന്ന വിദ്യാർത്ഥികൾ, എന്നിട്ട് വരാന്ത, അവിടുന്ന് ഇപ്രകാരം പ്രദക്ഷിണം ചെയ്യും! നിങ്ങൾക്കറിയാം, സായി കുൽവന്ത് ഹാളിൽ തൂണുകളുണ്ട്. തൂണുകൾ സ്ഥിതി ചെയ്യുന്ന ലൈനി

ലൂടെ സ്വാമിക്ക് നടന്നേ പറ്റൂ. എന്നാൽ, ആൺകുട്ടികളെ ഒഴിവാക്കാനായി അവിടുന്ന് ആഗ്രഹിക്കുമ്പോൾ, കുട്ടികൾ പാദനമസ്കാരം എടുക്കുന്നത് ഒഴിവാക്കുന്നതിനായി അവിടുന്ന് ചെയ്യുന്നത് എന്തെന്നാൽ, തൂണിന്റെ മറുവശത്തുകൂടി അവിടുത്തെ തോളുകൾ ചേർന്ന് ഉരസുമാറ് നടക്കും, അവിടുന്ന് അവരെ ഒഴിവാക്കുന്നതിന്റെ വ്യക്തമായ സൂചനയാണത്. ഞാനിത് ശ്രദ്ധിക്കുകയുണ്ടായി. കഴിഞ്ഞ കുറെ ദിവസങ്ങളായി ഇത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്വാമി എപ്പോളാണ് അനുരഞ്ജനത്തിന് അവസരം നൽകുക എന്ന് ഞാൻ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അത് നടന്നു! അവിടുന്ന് എന്നെ ഒരു ഉപകരണമാക്കി.

അവിടുന്ന് എന്നെ ഒരു ഇന്റർവ്യൂവിന് വിളിച്ചിട്ട് ചോദിച്ചു, "എന്തു വാർത്ത, അനിൽകുമാർ?"

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, പുരാണത്തിൽ ഞങ്ങളൊരു കഥ പഠിച്ചിട്ടുണ്ട്, അതിൽ ശ്രീ മഹാവിഷ്ണു നരസിംഹരൂപത്തിൽ, നരസിംഹാവതാരമായി തൂണിൽനിന്ന്



പുറത്തുവരികയും പ്രഹ്ലാദനെ അനുഗ്രഹിക്കുകയും അവന്റെ പിതാവായ ഹിരണ്യകശിപുവിനെ വധിക്കുകയും ചെയ്യുന്നു. ഹിരണ്യകശിപു അസുരനാണ്. അവന്റെ പുത്രനാണ് പ്രഹ്ലാദൻ, വളരെ ഔന്നത്യമുള്ള, മഹാഭക്തൻ. ജീവിതം അങ്ങനെ മുമ്പോട്ട് പോയി! അവന്റെ മനസ്സ് മാറ്റിയെടുക്കാനായി പിതാവ് അവനെ പീഢിപ്പിക്കുന്നു. അവൻ 'നാരായണാ' എന്ന് പറയുന്നത് അയാൾക്ക് ഇഷ്ടമല്ല. അല്ല! അയാൾ അവനെ ഗുരുകുലത്തിലേക്ക് അയച്ചു, പുത്രൻ 'നാരായണ'നാമം ത്യജിക്കുന്നുവെന്ന് ഉറപ്പാക്കണമെന്ന് പറഞ്ഞു. അവൻ അതിനു മുതിർന്നില്ല, ഗുരുക്കന്മാർ അവരുടെ നിസ്സഹായത അറിയിച്ചു. അവൻ വീട്ടിലേക്ക് തിരിച്ചെത്തിയപ്പോൾ, അയാൾ പറഞ്ഞു-കാരണം, അയാൾക്ക് മകനെ ഇഷ്ടമായിരുന്നു, അവന് ഇനിയും പല അവസരങ്ങളും കൊടുക്കണമെന്ന് അയാൾ ആഗ്രഹിച്ചു.

അയാൾ അവനോട് ചോദിച്ചു, "നീ നിന്റെ ഗുരുക്കന്മാരിൽനിന്ന് എന്തു പഠിച്ചു?"

അവൻ ആവർത്തിക്കാൻ തുടങ്ങി, ''നാരായണ! നാരായണ!''

അയാൾക്ക് മടുത്തു. അവനെ ചാട്ടവാറിനടിപ്പിച്ചു. പക്ഷേ, അവൻ നാരായണനാമം ഉപേക്ഷിച്ചില്ല.




അതു മാത്രമല്ല, അവനെ സർപ്പങ്ങളെക്കൊണ്ട് കടിപ്പിക്കുകയും ചെയ്തു. അവൻ ഭഗവത്നാമം വിട്ടില്ല; അവനെ ആനയെക്കൊണ്ട് ചവിട്ടിയരപ്പിക്കാൻ നോക്കി. അവൻ രാമന്റെ, നാരായണന്റെ നാമം ഉപേക്ഷിച്ചില്ല. കുന്നിൻമുകളിൽനിന്ന് അവനെ താഴേക്കെറിഞ്ഞു. അവന് ഒന്നും സംഭവിച്ചില്ല! അത്തരത്തിലുള്ള മഹാഭക്തനായിരുന്ന ഈ പ്രഹ്ലാദൻ ഹിരണ്യകശിപുവിന്റെ മകനായിരുന്നു!

ഒരു ദിവസം, ഹിരണ്യകശിപു അവനെ വെല്ലുവിളിച്ചു. ''നിന്റെ നാരായണൻ ഈ തൂണിലുണ്ടെന്ന് നീ കരുതുന്നുണ്ടോ?''

പ്രഹ്ലാദൻ പറഞ്ഞു, ''എന്തുകൊണ്ടില്ല?''

അപ്പോൾ ഹിരണ്യകശിപു സർവശക്തിയുമെടുത്ത്, തൂണിനുനേരെ ഘോരമായി നോക്കിയപ്പോളാണ്, ആ സമയത്താണ്, തൂണിനുള്ളിലുള്ള ഭഗവാൻ-ശ്രീ മഹാവിഷ്ണു, നരസിംഹാവതാരരൂപത്തിൽ, നരസിംഹാവതാരമായി വന്ന് ഹിരണ്യകശിപുവിനെ കൊല്ലുകയും പ്രഹ്ലാദനെ അനുഗ്രഹിക്കുകയുമുണ്ടായത്.

ഇനി, സ്വാമിയുടെ വ്യാഖ്യാനം എങ്ങനെയായിരുന്നുവെന്നാൽ, തൂണ് എന്നത് നിങ്ങളുടെ ശരീരബോധം(body identification) അല്ലാതെ മറ്റൊന്നുമല്ല. ഈ ശരീരബോധം നിങ്ങൾ ഒരിക്കൽ ഉപേക്ഷിച്ചാൽ, നിങ്ങളുടെ ഉള്ളിലുള്ള മഹാവിഷ്ണു, നരസിംഹാവതാരമായി പ്രത്യക്ഷമാകും. നരസിംഹമെന്നാൽ, നിങ്ങൾ lion എന്നു വിളിക്കുന്ന, കാട്ടിലെ രാജാവു

തന്നെ, ഏറ്റവും ശക്തൻ! അതുകൊണ്ട്, നിങ്ങളീ ശരീരബോധം ഉപേക്ഷിക്കുമ്പോൾ, ഈശ്വരൻ പുറത്തുവരുന്നു. ഇതാണ് സ്വാമി നൽകിയ വ്യാഖ്യാനം!

അവിടുന്നിനെ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു, “സ്വാമീ, അവിടുന്ന് നൽകിയ വ്യാഖ്യാനം ഇതാണ്. പ്രഹ്ലാദന്റെ ഈ കഥ അവിടുന്ന് വിവരിച്ചതാണ്. ഇന്നും, തികച്ചും രസകരമായ ആ കഥ എന്റെ കാതിൽ മുഴങ്ങുന്നു!”



പ്രഹ്ലാദന്റെ കിരീടധാരണം

“പക്ഷേ എനിക്കൊരു സംശയമുണ്ട് സ്വാമീ!”

“ശരി, ശരി. എന്തു പറ്റിയെന്ന് എന്നോട് പറയൂ!”

“സ്വാമീ, പ്രഹ്ലാദന്റെ പ്രാർത്ഥനയ്ക്ക് പ്രതികരണമായി, ഭഗവാൻ ശ്രീ മഹാവിഷ്ണു നരസിംഹാവതാരരൂപത്തിൽ തൂണിൽനിന്നും പുറത്തുവന്നു. എന്നാൽ ഇന്ന്, ഞങ്ങളുടെ ഭക്തി ആ സ്ഥിതിയിലല്ല, ആ ഘട്ടത്തിലല്ല. അവിടുന്ന് ഞങ്ങളോട് പിണങ്ങിയിരിക്കുകയാണ്, പരിഭവിച്ചിരിക്കുകയാണ്! ഞങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടി ഭഗവാൻ ദർശനവേളയിൽ, അവിടുത്തെ തോളുകൾ തൂണിന് ഉരസിക്കൊണ്ട് പോവുകയാണ്. അതുകൊണ്ട്, തൂണിന് പുറത്തുവന്ന ഞങ്ങളുടെ പ്രിയഭഗവാൻ, ഇപ്പോൾ തൂണിന് അകത്തേക്ക് കയറുകയാണ്, സ്വാമീ! പ്രഹ്ലാദൻ സ്വാമിയെ തൂണിനു പുറത്തു കൊണ്ടുവന്നു; ഞങ്ങൾ ഞങ്ങളുടെ സ്വാമിയെ തൂണിനകത്തേക്ക് കയറ്റുകയാണ്, ഞങ്ങളുടെ ദയനീയാവസ്ഥ ഇതാണ്.”

എന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും, സ്വാമി ഈ തമാശ ഇഷ്ടപ്പെട്ട്, ചിരിയോടു ചിരി, ഇത് ഭഗവാന് ഇഷ്ടമായി, എന്നിട്ട് അവിടുന്ന് എണീറ്റ് ഇന്റർവ്യൂ മുറിക്കു പുറത്തിറങ്ങി,

മുമ്പത്തെപ്പോലെ കുട്ടികളുമായി സംസാരിക്കാൻ തുടങ്ങി. ഇതെന്നെ ആവേശഭരിതനാക്കി! ഈ അനുഭവം ഞാൻ എന്റെ ജീവിതത്തിലൊരിക്കലും മറക്കില്ല.

മറ്റൊരു അനുഭവവും ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാം. കൊടൈക്കനാലിൽ, ഞങ്ങളുടെ ട്രിപ്പിന്റെ അവസാനദിനം, എല്ലാ കുട്ടികളും കരയുന്നു, അവർ പാടുകയാണ്, പക്ഷേ ആനന്ദഭാവമില്ല, വളരെ വിഷാദഭരിതരാണ്, സങ്കടമാണ്.

സ്വാമിക്ക് അതിഷ്ടമായില്ല. അവിടുന്ന് ആൺകുട്ടികളോട് പറഞ്ഞു, “അരേ! ഞാൻ




സായി ശ്രുതിയിൽ(കൊടൈക്കനാൽ): കുട്ടികൾക്ക് സമ്മാനവിതരണം

നിങ്ങളെ ഇവിടെ കൊണ്ടുവന്നു, ഒരു മാസക്കാലം നിങ്ങളെ ഇവിടെ താമസിപ്പിച്ചു, നിങ്ങൾ ആഗ്രഹിച്ചതൊക്കെ തന്നു, ഞാൻ നിങ്ങൾക്ക് തരണമെന്നു വിചാരിച്ചതെല്ലാം തന്നു, ധാരാളം അവസരങ്ങൾ നൽകി നിങ്ങളെ അനുഗ്രഹിച്ചു. നിങ്ങളെന്തിനാണ് കരയുന്നത്?”

ആൺകുട്ടികൾ പറഞ്ഞു, “സ്വാമീ, ഞങ്ങൾക്ക് തിരികെ പോവണമെന്നില്ല. ഞങ്ങൾ ഇവിടെ നിന്നോളാം.”

ബാബ പറഞ്ഞു, “എനിക്ക് മടങ്ങിപ്പോയേ മതിയാവൂ. കോളജ്, സ്കൂൾ പ്രവേശനം തുടങ്ങുകയാണ്. എനിക്ക് പ്രശാന്തിനിലയത്തിന്റെ ഭരണം നോക്കേണ്ടതുണ്ട്. നാം പോയേ

പറ്റൂ. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ തങ്ങിക്കോളൂ. ഞാൻ പുട്ടപർത്തിക്ക് പോവുകയാണ്'', സ്വാമി പറഞ്ഞു.

കുട്ടികൾ പറഞ്ഞു, ''വേണ്ട, വേണ്ട, വേണ്ട, സ്വാമീ!''

ഈ വേളയിലാണ് സ്വാമി എന്നോട് സംസാരിക്കുവാൻ ആവശ്യപ്പെട്ടത്. ''അനിൽകുമാർ, കുട്ടികൾ വിഷമിച്ചിരിക്കുകയാണ്. അവരെ സന്തോഷിപ്പിക്കാനായി എന്തെങ്കിലും പറയ്.''

അപ്പോൾ ഞാൻ എണീറ്റിട്ട് പറഞ്ഞു, ''സ്വാമീ, ഞാൻ അവിടുത്തെ ക്ഷമ തേടുകയാണ്, എന്നോട് ക്ഷമിച്ചാലും. ഞാൻ അവിടുത്തെ ക്ഷമ യാചിക്കുകയാണ്, സ്വാമീ! ഈ നിമിഷ ത്തിൽ ഫലിതം പറയുന്നതിന് ഞാൻ വല്ല സ്വാതന്ത്ര്യവും എടുക്കുകയാണെന്നു വരി കിൽ, അതിന് ക്ഷമാപണം.



സ്വാമി പറഞ്ഞു, ''ഓകെ, ഓകെ, ഓകെ, തുടരൂ!''

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, അവിടുന്ന് എല്ലായ്പോഴും പറയാറുണ്ടല്ലോ, 'നീ ഈശ്വരനാണ്, നീ ഈശ്വരനാണ്' എന്ന്. എന്നാൽ എനിക്കത് വിശ്വസിക്കാനാവുന്നില്ല.''

അപ്പോൾ സ്വാമി പറഞ്ഞു, ''ഓ, നീ ഈശ്വരനല്ലെങ്കിൽ, നീയൊരു പോത്താണ്!''

എല്ലാവരും ചിരിച്ചു, അപ്പോൾ സ്വാമി പറഞ്ഞു, ''വരൂ, സംസാരിക്കൂ!''

അപ്പോൾ ഞാൻ സംസാരിക്കാൻ തുടങ്ങി. “സ്വാമി പറയുന്നു ഞാൻ ഈശ്വരനാണെന്ന്! ഇപ്പോൾ എന്റെ പേര് സത്യസായി ബാബ എന്നാണ്, ശരി! ഇപ്പോൾ ഞാൻ ഈശ്വരനാണ്.”

സ്വാമി എന്നെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. എന്താണിവിടെ നടക്കാൻ പോവുന്നത് എന്നോർത്ത് എല്ലാ കുട്ടികൾക്കും ആകാംക്ഷയായി.

അപ്പോൾ ഞാൻ സംസാരിക്കാൻ തുടങ്ങി. “സത്യസായി ബാബ എന്ന നിലയ്ക്ക്, ഈശ്വരൻ എന്ന നിലയ്ക്ക്, എനിക്ക് വെളുപ്പിന് 3.30 മണിക്കോ 4.00 മണിക്കോ എണീറ്റേ മതിയാവൂ, ഈ അവസ്ഥയിൽ എനിക്കത് അസാദ്ധ്യമാണ്. പിന്നെ, സത്യസായി ബാബ എന്ന നിലയ്ക്ക്, ഞാൻ ഏതാനും ഗ്ലാസ് വെള്ളം കുടിച്ചിട്ട്, 6.00 മണിയാവുമ്പോഴേക്ക് റെഡിയാവാനായി താഴേക്കു വരണം, ആശ്രമം തലവന്മാരോട് സംസാരിക്കണം, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണം, പിന്നെ ദർശനം നൽകാൻ ഒരുങ്ങണം. എന്നെ സംബന്ധിച്ച്, അസാദ്ധ്യം!”

“ഒരു ഗ്ലാസ് വെള്ളം കുടിച്ചിട്ട് അതുപോലെ താഴെയിറങ്ങി വരണമെങ്കിൽ, ദർശനത്തിനു



മുമ്പായി, കുറഞ്ഞത് രണ്ടു കപ്പ് കാപ്പിയെങ്കിലും കുടിക്കണം എനിക്ക്.'' എന്നിട്ട് ഞാൻ തുടർന്നു.

''സത്യസായി ബാബയായി, അവിടെ സ്ത്രീകൾ ഇരിക്കുന്ന ഭാഗത്തുനിന്നാണ് ഞാൻ ദർശനം നൽകിത്തുടങ്ങേണ്ടത്. വരികളിലൂടെ നടക്കുമ്പോൾ, നിരവധി സ്ത്രീകൾ പുതുതായി വരുന്നവർക്ക്, നവാഗതർക്ക് അവസരം കൊടുക്കാതെ, എല്ലായ്പോഴും മുൻനിരയിൽത്തന്നെ ഇരിക്കുന്നത് ഓരോ ദിവസവും ഞാൻ കാണുന്നു. അവർ മുൻനിരയിൽ മാത്രമേ ഇരിക്കൂ. നോക്കൂ! അവർ, അവരിരിക്കുന്ന കല്ലോ സ്ലാബോ ആയി ജന്മമെടുക്കാനാണ്,'' ഞാൻ ഫലിതം പറഞ്ഞു, ഇതൊക്കെയാണ് ഞാൻ പറഞ്ഞത്.

''ഇനി, കുറേക്കൂടി സാവധാനം മുന്നോട്ടു പോവുമ്പോൾ, വയോധികരുടെ, പുരുഷന്മാരുടെ അടുത്താണ് എത്തുന്നത്. അവർ കത്തുകൾ തരും, കത്തുകൾ. 'സ്വാമീ, സന്ധിവേ



ദന!', 'സ്വാമീ, നേത്രരോഗം!', 'സ്വാമീ, വാതം!', 'സ്വാമീ, ന്യൂമോണൈറ്റിസ്!', 'സ്വാമീ!'. ഇതൊക്കെ മാത്രം. ഇത്രയും കാലം നമ്മളെ കാത്തതിന് സ്വാമിക്ക് നന്ദി പറയുന്ന, നമുക്ക് തന്ന സകല കാര്യങ്ങൾക്കും, നമുക്ക് തന്ന സകല അനുഗ്രഹങ്ങൾക്കും സ്വാമിയോട് നന്ദി പറയുന്ന, ഒരു കത്തുപോലുമില്ല. ഒരു താങ്ക്സ് ലെറ്റർ പോലും തരില്ല ആരുംതന്നെ, സദാ ആവലാതികൾ, ആവശ്യങ്ങൾ.

''സ്വാമീ, എന്റെ മകന് ഒരു ഗ്രീൻ കാർഡ് കിട്ടണേ'', ''സ്വാമീ, എന്റെ മകളുടെ വിവാഹം വേഗം നടക്കണേ'', ''മകന് വലിയ ഒരു സ്ത്രീധനം കിട്ടണം, മകളെ സ്ത്രീധനമില്ലാതെ കെട്ടിച്ചുവിടുകയും വേണം.'' ''സ്വാമീ, എന്റെ പെൻഷൻ കാത്തിരിക്കുകയാണ്. എനിക്ക് പെൻഷൻ കിട്ടുന്നുവെന്ന് ഉറപ്പാക്കണേ.'' ''സ്വാമീ, എന്റെ പ്രമോഷൻ.'' ഇവയെല്ലാം ആവശ്യങ്ങൾക്കുള്ള കത്തുകളാണ്.

എന്നിട്ട് സാവധാനം സ്വാമി വിദ്യാർത്ഥികളെ നോക്കും. അവരെന്താണ് എഴുതുക? “സ്വാമീ, അവിടുന്നെനിക്ക് ഇന്റർവ്യൂ തന്നാലും, എനിക്കിഷ്ടമില്ലാത്ത മറ്റേ കുട്ടിക്ക് കൊടുക്കരുതേ.” മറ്റൊരു ചങ്ങാതി ഇങ്ങനെയെഴുതും, “സ്വാമീ, എനിക്കൊരു ചെയിൻ തരണം, എന്റെ ശത്രുവായ മറ്റവന് വേണ്ടാ!” ഇതുപോലെ- ‘എനിക്കൊരു ചെയിൻ തന്നാലും, എനിക്ക് മോതിരം തന്നാലും, എനിക്ക് വാച്ച് തന്നാലും, മറ്റുള്ളവർക്ക് വേണ്ടാ!’ നോക്കൂ!”

“എന്നിട്ട് സ്വാമി വരുന്നു, വരാന്തയിലൂടെ നടന്ന്, അവിടെ എല്ലാ തലവന്മാരും, വി.ഐ.പി. കളും ഇരിപ്പുണ്ടാവും. അവരെന്താവും കത്തിൽ എഴുതുക? “സ്വാമീ, അയാളെ പുറത്താക്കണം! അവനെ ആശ്രമത്തിൽനിന്ന് എടുത്തു കളയണം. അവൻ കൃത്യനിഷ്ഠയില്ലാത്തവനാണ്, അവന് അച്ചടക്കമില്ല.” എല്ലാം പരാതിക്കത്തുകൾ. “അവനെ പുറത്താക്കണം; അവനെ നീക്കം ചെയ്യണം.” ഇത്തരത്തിലുള്ള കത്തുകൾ.



സ്വാമി ഇന്റർവ്യൂ മുറിയിൽ

“ഇനി, സ്വാമി ചില ആളുകളെ, ഭക്തരെ ഇന്റർവ്യൂവിനായി വിളിക്കും. സത്യസായി ബാബ എന്ന നിലയ്ക്ക്, ഞാൻ ദിവ്യമായ കാര്യങ്ങളാവണം സംസാരിക്കേണ്ടത്; പക്ഷേ ഭക്തർ ചോദിച്ചുകൊണ്ടേയിരിക്കും, “എനിക്ക് ഇതു വേണം! എനിക്ക് അതു വേണം!” എന്തു ചെയ്യാനാണ്? ഞാൻ നിസ്സഹായനാണ്.”

“എന്നിട്ട്, വല്ല വിധേനയും ഇന്റർവ്യൂ കഴിഞ്ഞാൽ, അവിടെ ഭജൻ ഹാളിൽ സത്യസായി ബാബയായി ഇരിക്കണം. എന്റെ വിദ്യാർത്ഥികൾ വിശ്വാസസമന്വയം, സർവമതൈക്യം ഇവ പ്രതിഫലിപ്പിക്കുന്ന ഏതാനും പാട്ടുകൾ, ഭജനകൾ പാടണമെന്നാണ് എന്റെ ആഗ്രഹം. അവരത് പാടില്ല. അവർ വേഗത്തിലുള്ള പാട്ടുകൾ പാടണം എന്നാവും ഞാൻ ആഗ്രഹിക്കുന്നത്. എല്ലാ ഭക്തർക്കും സംഘം ചേർന്ന്, കോറസ് ആയി പാടാവുന്ന തര

ത്തിലുള്ള ചില പാട്ടുകൾ അവർ പാടുമെന്നാണ് എന്റെ പ്രതീക്ഷ, അതിൽ എല്ലാവർക്കും പങ്കു ചേരാമല്ലോ. അവരത് ചെയ്യില്ല!

ഇനി, ആരതി കഴിയുമ്പോൾ ഞാൻ ഭക്ഷണത്തിനായി ഡൈനിംഗ് ഹാളിലേക്ക് പോവും. ചില സ്പെഷ്യൽ അതിഥികളും, സെൻട്രൽ ട്രസ്റ്റ് അംഗങ്ങളുമൊക്കെ എന്റെയൊപ്പം ഭക്ഷണത്തിനായി ഇരിക്കുന്നുണ്ടാവും. ഓരോ വിഭവവും എല്ലാവർക്കും വിളമ്പും-മധുരവും എരിവും ഉള്ളവ, രാജകീയ സദ്യ. ഇനി, സത്യസായി ബാബയെന്ന നിലയ്ക്ക് ഞാൻ റാഗി കൊണ്ട് തൃപ്തിപ്പെടണം-ഐസ്ക്രീം ഇല്ല, മധുരം ഇല്ല, എരിവുള്ളതില്ല; റാഗി മാത്രം, റാഗി കുഴച്ച് ഉരുളയാക്കിയത്, വളരെ കുറച്ച്, അൽപം മോരോ അഥവാ രസമോ ചേർത്ത്, കഴിഞ്ഞു; ഡൈനിംഗ് ടേബിളിൽ എനിക്കൊപ്പമിരുന്ന മറ്റെല്ലാവർക്കും ഐസ് ക്രീമുകൾ, ഫ്രൂട്ട് സലാഡുകൾ, മധുരം, എരിവ് ഒക്കെ കഴിക്കാം. ഞാൻ ഇതുകൊണ്ട് തൃപ്തനാവേണ്ടിവരും! എനിക്കതിന് കഴിയില്ല, അസാദ്ധ്യം! എനിക്ക് ഐസ് ക്രീം ഇഷ്ടമാണ്, എനിക്ക് മധുരം ഇഷ്ടമാണ്. സത്യസായി ബാബയെന്ന നിലയ്ക്ക്, ഞാൻ കഴിക്കാൻ പാടില്ല! ഞാനെന്തു ചെയ്യാനാണ്? സത്യസായി ബാബയായി, ഈ പരാതിക്കത്തുകൾ ഞാൻ വാങ്ങണം, അപേക്ഷാകത്തുകൾ വാങ്ങണം. ഇതുകൊണ്ട് എനിക്ക് മടുക്കും!



ഇത്തരം കാര്യങ്ങൾ ഓരോ ദിവസവും, വർഷങ്ങളായി ആവർത്തിക്കുകയാണല്ലോ!''

സ്വാമി ചിരിക്കുകയായിരുന്നു(*ചിരി*). എല്ലാ ആളുകളും ചിരിച്ചു, തിമിർത്ത് കൂട്ടച്ചിരി!

പിന്നെ അവസാനം ഞാൻ പറഞ്ഞു, ''സ്വാമീ, ദൈവമാവാൻ എനിക്ക് ധൃതിയില്ല! ഞാൻ എന്റേതായ സമയം എടുത്തോട്ടെ! ഞാൻ ഐസ് ക്രീം, മധുരം, എരിവ്-ചൂടൻ, ചൂടൻ അച്ചാറുകൾ ഒക്കെ കഴിച്ചോട്ടെ. ഒരു മനുഷ്യജീവിയെന്ന നിലയ്ക്ക്, ഞാൻ സന്തോഷിക്കട്ടെ, സ്വാമീ! ഈശ്വരനാവാൻ എനിക്ക് ധൃതിയില്ല. അവിടുന്ന് ഈശ്വരനാണല്ലോ! ഞാൻ അവിടുത്തെ ആരാധിച്ചോട്ടെ! ഞാൻ അവിടുത്തെ സ്തുതിച്ചോട്ടെ! ഞാനെന്റെ പ്രഭാഷണം ഇപ്രകാരം ഉപസംഹരിച്ചു.

സായി രാം! നമുക്ക് പിന്നെ കാണാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)